കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് 2015-16

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് മലപ്പുറം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ എസ് എ എം പി എം 15/1/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം

തീയതി.03-02-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നന്നമ്പ്ര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നന്നമ്പ്ര ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

എം.എ.

നം കെ എസ് എ എം പി എം15/1/2017 തിയ്യതി:03-02-2017

## മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.08.2015 മുതൽ 05.12.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. എ എസ് ഷാജഹാൻ,ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 05.12.2016 മുതൽ 19.12.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ ഉണ്ണി പൂതം കുറ്റി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | | ശ്രീ പി അബ്ദുന്നാസർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി ജിഷ കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ സഫിയ കെ ടി | 01.04.15മുതൽ31.10.15വരെ |
| | | സെക്രട്ടറി, അഗ്രി. ഓഫീസർ,ഐസിഡിഎസ് സൂപ്പർവൈസർ എന്നിവരടങ്ങിയ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 01.11.15മുതൽ 18.11.15വരെ |
| | | ശ്രീ മുഹമ്മദ് ഹസ്സൻ | 19.11.15മുതൽ31.03.16വരെ |
| സെക്രട്ടറി | : | ശ്രീ യു കെ പീതാംബരൻ | 01.04.15മുതൽ31.03.16വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീ ജോളി ജോൺ | 01.04.15മുതൽ31.03.16വരെ |
| കൃഷി ഓഫീസർ | | ശ്രീമതി ദിവ്യ കെ | 01.04.15മുതൽ31.03.16വരെ |
| വെറ്ററിനറി സർജൻ | | ഡോ. ഐസക് ജോർജ്ജ് | 01.04.15മുതൽ02.02.16വരെ |
| | | ഡോ. സജു ജോർജ്ജ് | 03.02.16മുതൽ22.03.16വരെ |

| | | | | |
|---|---|---|---|---|
| | | | ഡോ. പ്രമോദ് | 23.03.16മുതൽ31.03.16വരെ |
| ഹെഡ് മാസ്റ്റർ | | | ശ്രീ രാഗൻ കെ.ജി | 01.04.15മുതൽ 31.03.16വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | | ശ്രീ രാഗേഷ് പി കുമാർ | 01.04.15മുതൽ 31.03.16വരെ |
| മെഡിക്കൽ ഓഫീസർ (PHC) | | | ഡോ. ദീപ്തി പി എൻ | 01.04.15മുതൽ 31.05.15വരെയും<br>01.09.15മുതൽ 03.11.15വരെയും |
| | | | ഡോ.മീര എച്ച് | 01.06.15മുതൽ 31.08.15വരെ |
| | | | ഡോ എം എസ് സുധീർ | 04.11.15മുതൽ 31.03.16വരെ |
| മെഡിക്കൽഓഫീസർ-ആയുർവേദം | | | ഡോ. രഘുപ്രസാദ് | 01.04.15മുതൽ 2.07.15വരെ |
| | | | ഡോ.ഹേമലത | 03.07.15മുതൽ 31.03.16വരെ |
| ഐസിഡിഎസ് സൂപ്പർ വൈസർ | | | ശ്രീമതി ജയശ്രീ എം | 01.04.15മുതൽ31.03.16വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | | ശ്രീ അനീസ് സി | 01.04.15മുതൽ31.03.16വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 1 | കെട്ടിട നിർമ്മാണ ലൈസൻസ് ഫീ കുറവായി ഈടാക്കി | 2-1 | |
| 2 | വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് | 2-2 | |
| 3 | തൊഴിൽ നികുതി- പൊതു അപാകതകൾ | 2-3 | |
| 4 | ഡി ആന്റ് ഒ ലൈസൻസ് -മുൻ വർഷങ്ങളിലെ ലൈസൻസുകൾ ഒരുമിച്ച് നൽകുന്നത് സംബന്ധിച്ച് | 2-4 | |
| | ഭാഗം 3 | | |
| 1 | തെരുവു വിളക്കുകൾ സ്ഥാപിക്കൽ വിനിയോഗ /പൂർത്തീകരണ വിവരം ലഭ്യമല്ല. | 3-1 | |
| 2 | മെഡിക്കൽ ഓഫീസർ- പി എച്ച് സി- ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല | 3-2 | |
| 3 | ഗ്രാമ പഞ്ചായത്ത് വിഹിതം നൽകി-വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-3 | |
| 4 | ആശ്രയ പദ്ധതി - അഗതികളുടെ പുനരധിവാസ ലക്ഷ്യം നേടിയില്ല. | 3-4 | |
| 5 | മീഡിയാശ്രീ പദ്ധതിക്ക് മുൻകൂർ നൽകിയ ശേഷം തുടർ പ്രവർത്തനമുണ്ടായില്ല. | 3-5 | |
| 6 | പ്രിന്റിംഗ് പ്രസ്സ് യന്ത്രസാമഗ്രികൾ നിഷ്ക്രിയമായത്. | 3-6 | |
| 7 | പൊതുമരാമത്ത് പ്രവൃത്തികൾ- പൊതു അപാകതകൾ | 3-7 | |
| 8 | ഭവന നിർമ്മാണം നാളിതുവരെയും പൂർത്തീകരിച്ചില്ല | 3-8 | |
| | ഭാഗം 4 | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1. | |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്: | 4-3. | |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4. | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5. | |
| 6 | ഓഡിറ്റ് റിക്കവറി | 4-6. | |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7. | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8. | |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 25.03.2015 ലെ 2ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും 29.02.2016 ലെ 1ാം നമ്പർ തീരുമാനപ്രകാരം പുതുക്കുകയും ചെയ്തു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 23/05/16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| 09/12/16 | കെ.എസ്.എ-എം.പി.എം.15/1 /2017/തീയതി03-02-2017 |

നന്നമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക കണക്കുകളിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം- 57, 58 എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ള വിഷയങ്ങളിൽ നടപടി / പരിശോധന / സാക്ഷ്യപ്പെടുത്തലുകൾ ഭാഗികമായി മാത്രമാണ് സെക്രട്ടറി പൂർത്തീകരിച്ചിട്ടുള്ളത്.
2. അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം പൂർണ്ണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. 2015-16 വർഷം പുതിയതായി ആർജ്ജിച്ച ആസ്തികളെ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ടി- ആസ്തികളുടെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല.
3. വസ്തു നികുതി- തൻവർഷ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -34576858.43

വരവ് - 38688309

ആകെ - 73265167.43

ചെലവ് - 51201774

നീക്കിയിരിപ്പ്- 22063393.43

## 1-5 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 5482882 | 10033009 | 9125113 | 24641004 | 14607995 | 10033009 | 59.28 |
| വികസനഫണ്ട് എസ്.സി.പി. | 1640669 | 3205669 | -1560669 | 3285669 | 1701450 | 1584219 | 51.78 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 12000 | 0 | 12000 | 0 | 12000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 607334 | 6343000 | 0 | 6950334 | 6950334 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 899934 | 3312000 | 0 | 4211934 | 3602684 | 609250 | 85.54 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3263043 | 8285821 | -4155425 | 7393439 | 5686143 | 1707296 | 76.91 |
| പെർഫോമൻസ് ഗ്രാന്റ് | 3409019 | 3409019 | -3409019 | 3409019 | 3385601 | 23418 | 99.31 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 4881316 | 0 | 4881316 | 4876743 | 4573 | 99.91 |
| ബി ഫണ്ട് | 0 | 24082431 | 0 | 24082431 | 24082431 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 144 | 61262236 | 109 | 45468341 | 21 | 14 | 75.69 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം8.98ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5920414 | 3881332 | -2039082 | -34.44 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 1002694 | 902478 | -100216 | -9.99 |
| മറ്റുവരവുകൾ | 10239247 | 10837106 | 597859 | 5.84 |
| ആകെ | 17162355 | 15620916 | -1541439 | -8.98 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 57120 | 31 |
| കർഷകതൊഴിലാളി പെൻഷൻ | 2713680 | 323 |
| വിധവാപെൻഷൻ | 9142560 | 898 |
| വാർദ്ധക്യകാലപെൻഷൻ | 8084250 | 1043 |
| വികലാംഗപെൻഷൻ | 3561595 | 338 |
| 50വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 135440 | 16 |
| വിവാഹ ധനസഹായം | 120000 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.12.2016ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 11752/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ ടി ആർ 7A ക്യാഷ്ബുക്ക് പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. പഞ്ചായത്തിൽ മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.11.16 മുതൽ 09.11.16 വരെ | 01.09.16 മുതൽ 31.10.16 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.11.2009 മുതൽ 04.12.2009 വരെ | 2004-05 മുതൽ 2008-09 വരെ | 11.01.2010 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട നിർമ്മാണ ലൈസൻസ് ഫീ കുറവായി ഈടാക്കി

2015-16 വർഷത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് പരിശോധിച്ചതിൽ 123/15-16/ 05.02.16 നമ്പറായി ശ്രീ ളമ്പിൽ ഷാജഹാൻ എന്നവരുടെ വാണിജ്യാവശ്യത്തിനായുള്ള കെട്ടിടത്തിന് പെർമിറ്റ് നൽകിയിട്ടുണ്ട്. 495.39 M2 വിസ്തീർണമുള്ള മേൽ കെട്ടിടത്തിന് പെർമിറ്റ് ഫീ ഇനത്തിൽ 2477/- രൂപ ഈടാക്കുന്നതിന് പകരം 1488/- രൂപയാണ് ഈടാക്കിയത് പെർമിറ്റ് ഫീ ഇനത്തിൽ തുക(989/- രൂപ) കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി തുക ഈടാക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. നഷ്ട തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ) ചട്ടം 4 പ്രകാരം ഒരു കെട്ടിടത്തിന്റെ ഏതെങ്കിലും ഒരുഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റുഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്.

2015-16 വർഷത്തിൽ നിർമ്മാണം പൂർത്തീകരിച്ച് നികുതി നിർണ്ണയിച്ച താഴെ പറയുന്ന വാണിജ്യ കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചപ്പോൾ മേൽ ചട്ടം പാലിച്ചിട്ടില്ല.

| പേര് | പൂർത്തീകരിച്ചകെട്ടിടത്തിന്റെ വിസ്തീർണ്ണം | നികുതി നിർണ്ണയിച്ച വിസ്തീർണ്ണം | നികുതി നിർണ്ണയിക്കാനവശേഷിക്കുന്ന വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|---|
| ശ്രീ പാലപ്ര അഹമ്മദ് കുട്ടി | 237.87 | 226.55 | 11.32 | രണ്ടുനിലകളിലായുള്ള കെട്ടിടത്തിന് 3 stair പണിതിട്ടുണ്ട്. (കെട്ടിട നമ്പർ XX/226A1 to A7 &XX/226B1 to B5) |

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/18.12.16) നികുതി പുനർ നിർണ്ണയിച്ച് അറിയിക്കുന്നതാണെന്നാണ് മറുപടി നൽകിയത്. നികുതി പുനർനിർണ്ണയിച്ച് തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി പൊതു അപാകതകൾ

2015-16 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(i)തൊഴിൽ നികുതി കുറവായി ഈടാക്കി

നന്നമ്പ്ര പി എ ച്ച് സി യിലെ Jr.PHN. Gr.II ആയ ശ്രീമതി നിത്യമോൾ 2015-16 രണ്ടാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി കുറവായി അടവാക്കി.വിശദവിവരം താഴെ ചേർക്കുന്നു.

| അർദ്ധവാർഷിക വരുമാനം | അടവാക്കേണ്ട തൊഴിൽ നികുതി | അടവാക്കിയ തൊഴിൽ നികുതി | കുറവായി അടവാക്കിയ തൊഴിൽ നികുതി |
|---|---|---|---|
| 130836 | 1250 | 1000 | 250 |

തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

(ii)സ്ഥാപന തൊഴിൽ നികുതി സംബന്ധിച്ച്

താഴെ പറയുന്നന സ്ഥാപനങ്ങൾ 2015-16 വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ആയത് ഈടാക്കേണ്ടതാണ്.

1. BSNL കണ്ടൂർ

2.നന്നമ്പ്ര സർവ്വീസ് സഹകരണ ബാങ്കിന്റെ രണ്ട് ശാഖകൾ (SCB- തെയ്യാല, SCB- കൊടിഞ്ഞി) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഒരു സ്ഥാപനത്തിനു മാത്രമാണ് സ്ഥാപന തൊഴിൽ നികുതി അടവാക്കുന്നത്. കൊടിഞ്ഞി ശാഖയുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

(11i) സംസ്ഥാന സർക്കാർ ജി ഒ (എം എസ്സ്)/202/11/G.Edn തീയതി 07.10.11 ആയി പുറപ്പെടുവിച്ചിട്ടുള്ള അൺ എയ്ഡഡ് സ്കൂളുകൾക്ക് CBSC/ICSE അഫിലിയേഷന് സർക്കാറിൽ നിന്നുള്ള NOC ലഭിക്കുന്നതിന് സ്കൂളുകൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ -7 ൽ ജീവനക്കാർക്ക് ഗവൺമെന്റ് സ്കൂളിലെ സമാന വിഭാഗങ്ങളിൽപ്പെടുന്ന ജീവനക്കാരുടെ ശമ്പളവും അലവൻസും നൽകണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കേരള ഹൈക്കോടതിയുടെ 4.09.2012 ലെ ഉത്തരവ് WP(C) 1042/2012 പ്രകാരം പ്രൈമറി ക്ലാസ്സുകളിലെ അദ്ധ്യാപകർക്ക് കുറഞ്ഞത് 10000 രൂപ പ്രതിമാസ വേതനം സ്കൂൾ മാനേജ്മെന്റ് നൽകേണ്ടതുണ്ട്. പഞ്ചായത്ത് പരിധിയിൽ 4 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാർ 120, 180,300 സ്ലാബുകളിൽ നികുതി ഒടുക്കുന്നവരോ, നികുതി ബാധ്യതയില്ലാത്തവരോ ആണെന്നാണ് റിട്ടേണുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ സ്കൂളുകളിലെ അധ്യാപകരുടെ അക്വിറ്റൻസും സ്ഥാപന മേധാവി സമർപ്പിച്ച സ്റ്റേറ്റ്മെന്റും പരിശോധനക്ക് വിധേയമാക്കി അർഹമായ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-4 ഡി ആന്റ് ഒ ലൈസൻസ്-മുൻ വർഷങ്ങളിലെ ലൈസൻസുകൾ ഒരുമിച്ച് നൽകുന്നത് സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷത്തെ ഡി ആന്റ് ഒ ലൈസൻസ് അപേക്ഷ പരിശോധിച്ചപ്പോൾ മുൻ വർഷത്തിൽ ലൈസൻസില്ലാതെ പ്രവർത്തിച്ച കച്ചവടക്കാർക്കും ലൈസൻസ് അനുവദിച്ചതായി കാണുന്നു. (ടികച്ചവടക്കാർ 13-14 വർഷത്തേക്ക് എടുത്ത ഡി ആന്റ് ഒ ലൈസൻസ് പകർപ്പാണ് അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുള്ളത്) ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ലൈസൻസ് നമ്പർ | പേര് | കെട്ടിട നമ്പർ | |
|---|---|---|---|---|
| 1 | 01/15-16 | ശ്രീ സുരേഷ് കുമാർ വല്ലത്ത് | V/288 | ആയുർ വേദ മരുന്ന് കച്ചവടം |
| 2 | 17/15-16 | ശ്രീ അബൂബക്കർ ഹാജി പടിക്കത്തൊടി | XII/167 | സിമന്റ് സ്റ്റോക്ക് ചെയ്യുന്നതിന് |
| 3 | 21/15-16 | ശ്രീ അബൂബക്കർ ഹാജി പടിക്കത്തൊടി | XI/35 to 39 | ഹാർഡ് വെയർ സാനിറ്ററി |
| 4 | 28/15-16 | ശ്രീ മുഹമ്മദ് ഷാഫി, ചെറിയേരി മൂച്ചിക്കൽ | XII/487 | ഹാർഡ്വെയർ ഷാപ്പ് |
| 5 | 36/15-16 | ശ്രീ അബ്ദുൾ ഹഖ് എടമരത്ത് | XI/315 | പഴം പച്ചക്കറി |
| 6 | 54/15-16 | ശ്രീ ഫൈസൽ മറവകുളത്ത് | X/184C | ഫർണിച്ചർ,കർട്ടൻ വില്പന |
| 7 | 58/15-16 | ശ്രീ അനസ് ചാത്തേരി | V/294D,E | പച്ചക്കറി |

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും

ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 4 പ്രകാരം ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ മനുഷ്യന്റെ ജീവനോ , ആരോഗ്യത്തിനോ,സ്വത്തിനോ അസഹ്യമോ ആപൽക്കരമോ ആവാനിടയുള്ള യാതൊരു കാര്യത്തിനും പഞ്ചായത്തിന്റെ യാതൊരു പ്രദേശവും ഉപയോഗിക്കാൻ പാടുള്ളതല്ല. ചട്ടം 8 പ്രകാരം ലൈസൻസിന്റെ കാലാവധി വർഷത്തിന്റെ ഒടുവിൽ അവസാനിക്കുന്നതാണ്.ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുൻപായും, പുതുതായി ആരംഭിക്കുന്ന സ്ഥലങ്ങൾക്കുള്ള അപേക്ഷ അവ തുറക്കുന്നതിന് 30ദിവസത്തിനു മുൻപായുംസമർപ്പിക്കേണ്ടതാകുന്നു. ചട്ടം 26 പ്രകാരം മേൽ ചട്ടങ്ങളുടെ ലംഘനത്തിന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 255പ്രകാരം ആയിരം രൂപയോളം വരുന്ന പിഴയീടാക്കാവുന്നതും കുറ്റസ്ഥാപനത്തിനുശേഷം ലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും അൻപത് രൂപ പിഴ ഈടാക്കാവുന്നതുമാണ്. എന്നാൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചുവന്ന മേൽ സ്ഥാപനങ്ങൾക്കൊന്നും തന്നെ നോട്ടീസ് അയച്ചിട്ടില്ല

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(04/14.12.2016) മേൽ കച്ചവടക്കാരിൽ നിന്നെല്ലാം 500 രൂപ വീതം പിഴയീടാക്കിയിട്ടുണ്ടെന്നാണ് മറുപടി നൽകിയത്. പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ കച്ചവടക്കാർ പ്രവർത്തിക്കുന്നത് തടയുന്നതിനായി കച്ചവടക്കാരുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതും മുഴുവൻ പേരും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തെരുവ് വിളക്ക് സ്ഥാപിക്കൽ- വിനിയോഗ/ പൂർത്തീകരണ വിവരം ലഭ്യമല്ല.

2015-16 വർഷത്തിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള വിധം തുകകൾ വൈദ്യുതി ബോർഡിലേക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ വൈദ്യുതി ബോർഡിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്റ്റ് | വൈദ്യുതി ബോർഡിൽ അടവാക്കിയ തുക | ബിൽ/ വൗച്ചർ നമ്പർ | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്തിലെ 7- ാം വാർഡിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന്<br>തറി അമ്പരക്കത്താഴം റോഡ് സ്ട്രീറ്റ് മെയിൻ വലിക്കൽ.<br>പ്രൊജക്റ്റ് നമ്പർ-<br>50/ 15-16 | 185000 | 641/2015-16,<br>23-12-2015 | സെക്രട്ടറി |
| 2 | സ്ട്രീറ്റ് ലൈറ്റ് മീറ്റർ സ്ഥാപിക്കൽ- അനുബന്ധ ചെലവുകൾ<br>പ്രൊജക്റ്റ് നമ്പർ-157/ 16<br>2013-14, 2014-15 വർഷങ്ങളിലെ പ്രൊജക്റ്റുകളിലുൾപ്പെടുത്തി തെരുവ് വിളക്കുകൾക്ക് മീറ്റർ | 46550 | 805/2015-16,<br>20-2-16 | തിരൂരങ്ങാടി, വെന്നിയൂർ, താനൂർ എന്നീ സെക്ഷനുകളുടെ കീഴിൽ ആകെ 70 മീറ്ററുകൾ സ്ഥാപിക്കുന്നതിനാണ്<br>2013-14, 14-15 |

| | | | | |
|---|---|---|---|---|
| | സ്ഥാപിക്കുന്നതിന് വേണ്ടി K.S.E.B.ലേക്ക് തുക അടവാക്കിയിരുന്നു.ടി- മീറ്ററുകൾക്ക് കണക്ഷൻ നൽകുന്നതിനുള്ള അപേക്ഷ ഫീ, സി.ഡി. എന്നിവയാണ് മേൽ പ്രൊജക്റ്റുകളിലുൾപ്പെടുത്തിയിട്ടുള്ളത്. | | | വർഷങ്ങളിൽ പണം അടവാക്കിയിരുന്നത്. എന്നാൽ തിരൂരങ്ങാടി, വെന്നിയൂർ സെക്ഷനുകളിലായി ആകെ 43 മീറ്ററുകൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. മീറ്ററുകൾ പൂർണ്ണമായി സ്ഥാപിക്കാത്തതിന് കാരണം വ്യക്തമല്ല.<br>3. തിരൂരങ്ങാടി സെക്ഷനിൽ മാത്രം പ്രൊസസിംഗ് ഫീ 1400 രൂപ അടവാക്കാനുണ്ടായ കാരണം വ്യക്തമല്ല. |

ആകെ- 2 ,31,550

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും K.S.E.B.യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ/ മൂല്യ നിർണ്ണയ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതുമാണ്. വിനിയോഗ -പൂർത്തീകരണ/ മൂല്യ നിർണ്ണയ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 231550 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-2 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്റ്റുകൾ - അപാകതകൾ

2015-16 വർഷം മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ വിവിധ പ്രൊജക്റ്റുകളുടെ ചെലവു രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 29-11-2016 ലെ എ6127/16 നമ്പർ അറിയിപ്പ് കത്ത് നൽകിയിരുന്നു. ഓഡിറ്റ് ഓഫീസറുടെ 05-12-16 ലെ ഓഡിറ്റ് റിക്വിസിഷൻ മുഖേനയും 19-12-2016-ലെ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെയും രേഖകൾ ആവശ്യപ്പെട്ടിരുന്നെങ്കിലും മെഡിക്കൽ ഓഫീസർ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിരുന്നില്ല. 07-01-2017 ന് ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമൻസ് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് 23-01-2017 ന് രേഖകൾ ജില്ലാ ഓഡിറ്റ് ഓഫീസിൽ ഹാജരാക്കിയിട്ടുള്ളത്. ഹാജരാക്കിയ രേഖകൾ 24-01-2017 ന് പരിശോധിച്ചതിൽ പ്രൊജക്റ്റ് നിർവ്വഹണത്തിലും രേഖകളുടെ സൂക്ഷിപ്പിലും താഴെ കൊടുത്തിട്ടുള്ള അപാകതകൾ കണ്ടെത്തി.

1) സർക്കാർ നിർദ്ദേശിച്ച രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

ജി.ഒ.(പി) 177/2006/ഫിൻ. തീയതി 12-04-2006 നമ്പർ ഉത്തരവു പ്രകാരം ഓരോ നിർവഹണ ഉദ്യോഗസ്ഥരും നിയമാനുസൃതം സൂക്ഷിക്കേണ്ട ടി.ആർ 7എ -ക്യാഷ്ബുക്ക്, സബ്സിഡിയറി രജിസ്റ്റർ, പ്രൊജക്റ്റ് രജിസ്റ്റർ എന്നിവ മെഡിക്കൽ ഓഫീസർ സൂക്ഷിക്കുന്നില്ല. നിർദ്ദിഷ്ഠ ഫോർമാറ്റിലല്ലാത്ത ക്യാഷ്ബുക്ക് ആണ് പരിശോധന കാലയളവിൽ സൂക്ഷിച്ചിട്ടുള്ളത്. പ്രസ്തുത ക്യാഷ്ബുക്കിൽ ട്രഷറി ബിൽ പ്രകാരം കൈപറ്റിയ ഫണ്ടുകൾ മാത്രമാണ് ചേർത്തിട്ടുള്ളത്. വിവിധ പ്രൊജക്റ്റ് നിർവ്വഹണത്തിന് ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ചെക്ക് പ്രകാരം കൈപ്പറ്റിയ തുകകൾ ടി- ക്യാഷ്ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും അവ യഥാസമയം പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിലും മെഡിക്കൽ ഓഫീസർ വീഴ്ച വരുത്തിയതായി കാണുന്നു.

2) പരിരക്ഷാ പാലിയേറ്റീവ് പരിചരണം- അപാകതകൾ

2015-16 വർഷം പരിരക്ഷാ ഹോംകെയർ എന്ന പ്രൊജക്റ്റ് നിർവ്വഹണത്തിന് (പ്രൊജക്റ്റ് നമ്പർ- 48/16) താഴെ

കൊടുത്തിട്ടുള്ള വിധം 431600രൂപ ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നമ്പർ/ചെക്ക് നമ്പർ | തുക |
|---|---|
| 879736 /31-10-16 | 90000 (തനത് ഫണ്ട്) |
| 4201284 /16-2-16 | 135500 (തനത് ഫണ്ട്) |
| 1614302 /26-3-16 | 70000 (തനത് ഫണ്ട്) |
| 1/ 2015-16, 24-8-15 | 73500 പ്ലാൻ |
| 2/ 2015-16, 18-3-16 | 62600 പ്ലാൻ |

ആകെ- 431600

പദ്ധതിയുടെ നടത്തിപ്പിലും ഫണ്ട് വിനിയോഗത്തിലും താഴെ കൊടുത്തിട്ടുള്ള അപാകതകൾ കാണുന്നു.

എ). 2015- ലെ പാലിയേറ്റീവ് പരിചരണ മാർഗ്ഗ രേഖ (ജി.ഒ.(ആർ.ടി.)3217/ 2015 തസ്വഭവ തി. 29-10-2015) പ്രകാരം ഹോംകെയർ ദിനങ്ങളിൽ ഗൃഹ സന്ദർശനങ്ങളിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് (പരമാവധി 3 പേർക്ക്) ആവശ്യമായി വരുന്ന ഭക്ഷണ ചെലവ്( ഒരാൾക്ക് ഒരു ദിവസം പരമാവധി 60 രൂപ) പ്രൊജക്റ്റിൽ വകയിരുത്തി ചെലവഴിക്കാമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ മേൽ ഉത്തരവിന് ശേഷവും ഭക്ഷണമിനത്തിൽ അധിക തുക ചെലവഴിച്ചിട്ടുണ്ട്.

മേലിൽ സർക്കാർ നിഷ്കർഷിച്ച ചെലവ് പരിധി കർശനമായി പാലിക്കേണ്ടതാണ്.

ബി) വാഹനം വാടകക്കെടുക്കുമ്പോൾ ദിവസ വാടക കണക്കാക്കേണ്ടത് ഓടുന്ന ദൂരം അടിസ്ഥാനമാക്കിയാണ്.എന്നാൽ 2015-16 വർഷത്തിൽ ഗൃഹ സന്ദർശനം നടത്തിയ 144 ദിവസങ്ങളിൽ 74 ദിവസം 1000 രൂപ യും 70 ദിവസം 900 രൂപ നിരക്കിലുമാണ് വാഹന വാടക അനുവദിച്ചിട്ടുള്ളത്. ദൂരം പരിഗണിക്കാതെയാണ് ഓരോ ദിവസങ്ങളിലും വാടക അനുവദിച്ചിട്ടുള്ളത് .വാഹനം ഉപയോഗിച്ചതായുള്ള ട്രിപ്പ് ഷീറ്റുകളിൽ ഓടിയ ദൂരം(കി.മീ.) രേഖപ്പെടുത്തിയിട്ടുമില്ല. ക്രമ വിരുദ്ധമായി വാഹന വാടക അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

സി) . മരുന്ന് പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല.

പരിരക്ഷാ പദ്ധതിക്ക് വേണ്ടി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപറേഷന് 100000 രൂപ നൽകിയിട്ടുണ്ട്.എന്നാൽ താഴെ കൊടുത്തിട്ടുള്ള ഇൻവോയ്സ് പ്രകാരം 92,401 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ഇൻവോയ്സ് നമ്പർ | തുക |
|---|---|
| 295 /21-4-16 | 34721 |
| 3464 /5-10-16 | 8818 |
| 3465 /5-10-16 | 41388 |
| 6144 /7-1-17 | 7474 |

ആകെ---- 92401

7599 രൂപയുടെ മരുന്ന് കൂടി ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഡി) ആശാ വർക്കർമാർക്ക് പരിരക്ഷാ ഫണ്ടിൽ നിന്നും ഇൻസന്റീവ് നൽകി

പരിരക്ഷാ ഹോംകെയറിന് പോയ വകയിൽ ആശാ വർക്കർമാർക്ക് പരിരക്ഷാ ഫണ്ടിൽ നിന്നും വിവിധ ദിവസങ്ങളിലായി ഒരു ദിവസത്തിന് 100 രൂപവീതം ആകെ 23200 രൂപതാഴെ കൊടുത്തിട്ടുള്ള വിധം ഇൻസന്റീവായി അനുവദിച്ചിട്ടുണ്ട്. മേൽ മാർഗ്ഗ രേഖ പ്രകാരം ആശാ വർക്കർമാർക്ക് പരിരക്ഷാ ഫണ്ടിൽ നിന്നും ഇൻസന്റീവ് അനുവദിക്കാവുന്നതല്ല.

| ചെക്ക് നമ്പർ/ തിയതി. | ഇൻസന്റീവായി നൽകിയ തുക |
|---|---|
| 4201284 /16-2-16 | 18900 |
| 1614302 /26-3-16 | 4300 |

ആകെ- 23200

3. പി.എച്ച്.സി.യിലെക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല

ബിൽ നമ്പർ 3/15-16 തീയതി 22-03-2016 പ്രകാരം 1 ലക്ഷം രൂപ പി.എച്ച്.സി. യിലേക്ക് മരുന്ന് വാങ്ങുന്നതിനായി (പ്രൊജക്റ്റ് നമ്പർ 85/16) കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ താഴെ കൊടുത്തിട്ടുള്ള വിധം 55,281 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ഇൻവോയ്സ് നമ്പർ | തുക |
|---|---|
| 3467/5-10-16 | 48,916 |
| 5945/4-1-17 | 6,365 |
| ആകെ | 55,281 |

ബാക്കി 44719 രൂപയുടെ മരുന്ന് നാളിതു വരെ ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കെ.എം.എസ്.സി.എൽ-ൽ നിന്നും മരുന്ന് ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതും പദ്ധതി നടത്തിപ്പിൽ സർക്കാർ നിർദ്ദേശം കർശനമായി പാലിക്കേണ്ടതുമാണ്.

## 3-3 ഗ്രാമ പഞ്ചായത്ത് വിഹിതം നൽകി- വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

താഴെ കൊടുത്തിട്ടുള്ള പ്രൊജക്റ്റുകളുടെ നിർവ്വഹണത്തിനായി ഗ്രാമ പഞ്ചായത്തിന്റെ വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ ടി- തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്റ്റുകളുടെ പേർ | വിഹിതം നൽകിയ തുക | ബിൽ നമ്പർ/ തിയതി | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | ഐ.എ.വൈ. വിഹിതം(ജനറൽ) തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന് നൽകിയത്. പ്രൊജക്റ്റ് നമ്പർ-27/16 | 94500 | 355/ 2015-16, തി- 10-9-15 | സെക്രട്ടറി |
| 2 | പഞ്ചായത്ത് ഓഫീസ് എർത്തിംഗ് & നെറ്റ് വർക്കിംഗ്, എക്സി. എഞ്ചിനീയർ, PWD ഇലക്രോണിക്സ് ഡിവിഷൻ, തൃശ്ശൂരിലേക്ക് ഡെപ്പോസിറ്റ് ചെയ്തത്. പ്രൊജക്റ്റ് നമ്പർ-90/16 | 125000 | 33/2015-16, തി-18-3-16 | സെക്രട്ടറി |

| | | | | |
|---|---|---|---|---|
| 3 | മഹിള കിസാൻ ശാക്തീകരണ പരിയോചന (എം.കെ.എസ്.പി.) വിഹിതം നൽകിയത് | 526000 | NRA 6/2015-16, തി- 13-1-16 | കൃഷി ഓഫീസർ |

ആകെ- 7,45,500

മേൽ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയില്ല.വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 745500 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-4 ആശ്രയ പദ്ധതി- അഗതികളുടെ പുനരധിവാസം ലക്ഷ്യം നേടിയില്ല

ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ നിരാശ്രയരും പാർശ്വവൽക്കരിക്കപ്പെട്ടവരും അടിസ്ഥാന സൗകര്യങ്ങൾ നിഷേധിക്കപ്പെട്ടവരുമായ അഗതികളുടെ പുനരധിവസത്തിന് ആശ്രയ പദ്ധതി തയ്യാറാക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശമുള്ളതാണ്. അഗതി കുടുംബങ്ങൾക്ക് ആവശ്യമായ ഭൂമി, പാർപ്പിടം, ശുചിത്വസൗകര്യങ്ങൾ, കുടിവെള്ളം, ഭക്ഷണം, വസ്ത്രം, തൊഴിൽ, ചികിത്സ, പെൻഷൻ തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ആവശ്യമായ പദ്ധതി തയ്യാറാക്കി നടപ്പിലാക്കൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്.

ഗ്രാമ പഞ്ചായത്തിൽ അഗതികളായി കണ്ടെത്തിയ 59കുടുംബങ്ങളുടെ പുനരധിവാസത്തിനായി 2004-06 ൽ 40.93 ലക്ഷം രൂപ അടങ്കലിൽ ഒന്നാംഘട്ട പ്രോജക്ടും പുന: പരിശോധനയ്ക്ക് ശേഷം 47 കുടുംബങ്ങളെ ഉൾപ്പെടുത്തിയുള്ള തുടർസേവന പ്രോജക്ടും തയ്യാറാക്കിയത് ഭാഗികമായാണ് നടപ്പിലാക്കിയത്. 50 കുടുംബങ്ങൾ ഉൾപ്പെടുന്ന2014-17 കാലയളവിലേക്കുള്ള രണ്ടാം ഘട്ട പ്രോജക്ടിൽ വിവിധ സ്രോതസ്സുകളിൽ നിന്നും 79.03 ലക്ഷം രൂപ വകയിരുത്തിയെങ്കിലും നാളിതുവരെ ചെലവഴിച്ചത് 555,910രൂപ മാത്രമാണ്.

അംഗീകൃത പദ്ധതിയിൽ കൈവരിച്ച ഭൗതികനേട്ടങ്ങളുടെ വിശദാംശം താഴെ ചേർക്കുന്നു.

| പരിചരണ സേവനങ്ങൾ | ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത് | | ആനുകൂല്യം നൽകിയത് | |
|---|---|---|---|---|
| | ഒന്നാംഘട്ടം | രണ്ടാംഘട്ടം | ഒന്നാംഘട്ടം | രണ്ടാംഘട്ടം |
| സ്ഥലം വാങ്ങൽ | 37 | 12 | 8 | - |
| ഭവനനിർമ്മാണം | 59 | 17 | 32 | 1 |
| വീട് റിപ്പയർ | - | 12 | - | 6 |
| ശുചിത്വസൗകര്യം | 59 | 12 | 16 | - |
| കുടിവെള്ളം | 59 | 12 | 13 | - |
| കറന്റ് കണക്ഷൻ | 59 | - | 13 | - |

ആശ്രയ പദ്ധതി നടത്തിപ്പിൽ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികളിലെ പോരായ്മകൾ താഴെ ചേർക്കുന്നു.

1.വകയിരുത്തിയ ഫണ്ട് ലഭ്യമാക്കുന്നതിൽ നടപടിയുണ്ടായില്ല

ഒന്നും രണ്ടും ഘട്ടങ്ങളിലായി പദ്ധതിക്ക് ലഭ്യമായ തുക യഥാക്രമം 24.7ലക്ഷവും 9.51 ലക്ഷം രൂപയുമാണ്. ഗ്രാമ പഞ്ചായത്തിൽ നിന്നും വികസന ഫണ്ടിൽ നിന്നുമായി വകയിരുത്തിയ തുക പദ്ധതിക്കായി ലഭ്യമാക്കുന്നതിലും മറ്റ് സ്രോതസ്സുകളിൽ നിന്നുള്ളവ ലഭ്യമാക്കുന്നതിലും നടപടിയുണ്ടാകുന്നില്ല. കണ്ടെത്തുന്ന കുടുംബങ്ങളുടെ എണ്ണവും ആവശ്യവും പരിഗണിച്ച് പ്രോജക്ടിനായി വകയിരുത്തുന്ന തുക

യാഥാർത്ഥ്യബോധത്തോടെയല്ലായെന്ന് കാണുന്നു. ഉദാഹരണമായി ഒന്നാം ഘട്ടത്തിൽ ഗ്രാമ പഞ്ചായത്ത് വിഹിതമായി 29.7ലക്ഷം രൂപ വകയിരുത്തിയതിൽ അനുവദിച്ചത് 14.7ലക്ഷം രൂപയും രണ്ടാം ഘട്ടത്തിൽ വികസന ഫണ്ട് 19 ലക്ഷം രൂപയിൽ 3.5ലക്ഷം രൂപയുമാണ് അനുവദിച്ചത്. പ്രോജക്ട് അടങ്കൽ യാഥാർത്ഥ്യബോധത്തോടെ നിശ്ചയിക്കുന്നതിലും വകയിരുത്തിയ തുക മുഴുവനായും നേടിയെടുക്കുന്നതിലും കുടുംബശ്രീ പഞ്ചായത്ത് ഭരണ സമിതികളുടെ കൃത്യമായ മേൽനോട്ടം ആവശ്യമാണ്.

2.പരിമിതമായ കുടുംബങ്ങൾക്ക് മാത്രം സേവനം ലഭ്യമാക്കി

അടിസ്ഥാന ആവശ്യങ്ങളായ ഭൂമി, പാർപ്പിടം, ശുചിത്വ സൗകര്യം, ,കുടിവെള്ളം,കറന്റ് കണക്ഷൻ എന്നീ സേവനങ്ങൾ ലഭ്യമാക്കിയതിന്റെ വിശദാംശമാണ് പത്രികയിൽ ചേർത്തത്. ഒന്നാം ഘട്ട പദ്ധതിയിൽ 32 ഗുണഭോക്താക്കൾക്കാണ് ഭവനനിർമ്മാണത്തിന് ആനുകൂല്യം നൽകിയത്. മറ്റുള്ള സേവനങ്ങൾ നൽകിയത് തെരഞ്ഞെടുത്ത കുടുംബങ്ങളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ പരിമിതമാണെന്ന് കാണാം. പൂർത്തിയാകാൻ ഒരു വർഷക്കാലയളവുള്ള രണ്ടാം ഘട്ടപദ്ധതിയിൽ ഭവനനിർമ്മാണം,റിപ്പയർ എന്നിവയിലാണ് ആനുകൂല്യം നൽകിയത്.

ഗുണഭോക്താക്കളുടെ എണ്ണം പരിമിതമായുള്ള രണ്ട് പദ്ധതിയിലും ഭൗതിക ലക്ഷ്യം കൈവരിക്കുന്നതിന് വകയിരുത്തിയ തുക ലഭ്യമാക്കുന്നതിലും ലഭ്യമായത് വിനിയോഗിക്കുന്നതിലും പുരോഗതിയുണ്ടായില്ല. അഗതി കുടുംബങ്ങൾക്ക് നിഷേധിക്കപ്പെട്ട സേവനങ്ങൾ നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാൻ ലക്ഷ്യമിട്ട പദ്ധതി അതേ രീതിയിൽ നടപ്പിലാകുന്നതിന് മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട്.

3. വിലയിരുത്തൽ സമിതിയുടെ പ്രവർത്തനം ഫലപ്രദമാക്കേണ്ടതാണ്

ആശ്രയ പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനായി തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പ്രസിഡണ്ട് അദ്ധ്യക്ഷനായി ഒരു ഉപസമിതി രൂപീകരിക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതാണ്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ, തദ്ദേശ ഭരണ സെക്രട്ടറി, സി ഡി എസ് ചെയർപേഴ്സൺ, മെഡിക്കൽ ഓഫീസർ, ഐ സി ഡി എസ് സൂപ്പർവൈസർ തുടങ്ങിയവർ അംഗങ്ങളായുള്ള ഉപസമിതി പദ്ധതി പ്രവർത്തനം വിലയിരുത്താനും ആയതിന്റെ റിപ്പോർട്ട് തദ്ദേശ സ്ഥാപനത്തിന്റെ ഭരണ സമിതി പരിശോധിക്കാനും നിർദ്ദേശമുള്ളതാണ്. ഒന്നാം ഘട്ട പദ്ധതിയുടെ മിനുട്സ് പരിശോധനക്ക് ലഭ്യമായില്ല. രണ്ട് മീറ്റിംഗുകൾക്കിടയിൽ വലിയ ഇടവേള വരുന്നുണ്ട്. ഉദാഹരണമായി 20.01.06 ന് ശേഷം 15.10.08 നും 29.11.08 ന് ശേഷം 23.06.14നുമാണ് വിലയിരുത്തൽ സമിതി യോഗം ചേർന്നതായി കാണുന്നത്. തുടർസേവന പ്രോജക്ടിന്റെ കാലയളവും രണ്ടാം ഘട്ടപ്രോജക്ടിന്റെ രൂപീകരണ സമയവുമാവണം മേൽ കാലയളവ്. വിലയിരുത്തൽ സമിതിയുടെ റിപ്പോർട്ട് പഞ്ചായത്ത് ഭരണ സമിതിയുടെ യോഗത്തിൽ പരിശോധിച്ചതായി ഭരണ സമിതിയുടെ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിൽ പഞ്ചായത്ത് ഭരണ സമിതിയുടെ കൃത്യമായ മേൽനോട്ടമുണ്ടാവേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ രേഖാമൂലം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടിയായി വിലയിരുത്തൽ സമിതിയുടെ യോഗങ്ങൾ യഥാസമയം വിളിച്ച് ചേർക്കുന്നതാണെന്നും വികസന ഫണ്ട്, ലഭിക്കാൻ ബാക്കിയുള്ള ചാലഞ്ച് ഫണ്ട്, സ്പോൺസർഷിപ്പ് എന്നിവ ലഭ്യമാക്കി കൂടുതൽ ഫലപ്രദമായി പദ്ധതി നടപ്പിലാക്കുന്നതാണെന്നും വിശദീകരിച്ചു.

## 3-5 മീഡിയാശ്രീ പദ്ധതിക്ക് മുൻകൂർ നൽകിയ ശേഷം തുടർപ്രവർത്തനമുണ്ടായില്ല.

കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചരിത്രവും പ്രവർത്തനങ്ങളും ഡോക്യുമെന്റ് ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് 65000രൂപ തനത് ഫണ്ടിൽ നിന്നോ വികസനഫണ്ടിൽ നിന്നോ ചെലവഴിക്കുന്നതിന് അനുമതിയുള്ളതാണ്. ഗ്രാമ പഞ്ചായത്ത് 2015-16 വർഷത്തിൽ പ്രോജക്ട് നമ്പർ 109/16 ൽ ഈ പ്രവർത്തനത്തിന് മുൻകൂർ തുകയായി 19500 രൂപ ( ബിൽ നമ്പർ 3/15-16 തീയതി 30.02.16 ) മലപ്പുറം ജില്ലാ മിഷൻ കോർഡിനേറ്റർക്ക് കൈമാറുന്നുണ്ട്. മുൻകൂർ തുകയും ഡോക്യുമെന്ററിയുടെ വിശദാംശം അംഗീകരിച്ച കത്തും നൽകി കഴിഞ്ഞാൽ കരാർ അനുസരിച്ച് 60 ദിവസത്തിനകം സ്ഥാപനത്തെ സംബന്ധിച്ച് തയ്യാറാക്കിയ വീഡിയോയുടെ പകർപ്പ് ജില്ലാ മിഷൻ ലഭ്യമാക്കേണ്ടതുണ്ട്.

മുൻകൂർ നൽകിയ ശേഷം ജില്ലാ മിഷന് ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച് തുടർപ്രവർത്തനം വിശദീകരിക്കാൻ രേഖാമൂലം നിർദ്ദേശിക്കുകയുണ്ടായി.പദ്ധതിയുടെ നിലവിലെ അവസ്ഥ വിവരിക്കേണ്ടതാണ്.

## 3-6 പ്രിന്റിംഗ് പ്രസ് യന്ത്രസാമഗ്രികൾ നിഷ്ക്രിയമായത്

ഗ്രാമപഞ്ചായത്ത് 1999-2002 കാലയളവിൽ പഞ്ചായത്ത് പ്രദേശത്തിലെ ഒരു തൊഴിൽ സംരംഭത്തിന് പ്രിന്റിംഗ് പ്രസ് ഉൾപ്പെടെയുള്ള യന്ത്രസാമഗ്രികൾക്ക് ഫണ്ട് ചെലവഴിച്ചത് നിഷ്ഫലമായത് സംബന്ധിച്ച് 2012-13 ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. വികസന ഫണ്ടിൽ നിന്നും അനുവദിച്ച 8.55 ലക്ഷം രൂപ ചെലവഴിച്ചാണ് ഗ്രാമപഞ്ചായത്ത് പരിധിയിലെ പ്രിന്റിംഗ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനം യന്ത്രസാമഗ്രികൾ വാങ്ങിയത്. ഫണ്ട് അനുവദിച്ചതല്ലാതെ സൊസൈറ്റിയുടെ കീഴിലുള്ള പ്രിന്റിംഗ് പ്രസ് പൊതു ഉടമസ്ഥതയിൽ നിലനിർത്തി നിർദ്ദിഷ്ട ലക്ഷ്യം നേടുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ ഭാഗത്തു നിന്നും തുടർ പ്രവർത്തനമൊന്നും ഉണ്ടായിരുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് സ്ഥാപിച്ച തൊഴിൽ സംരംഭത്തിന്റെ ആസ്ഥി നിഷ്ക്രിയമായ സാഹചര്യം അന്വേഷിച്ച് ഉത്തരവാദിയായവർക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ ഭരണ സമിതി ശ്രദ്ധ ചെലുത്തിയില്ല. 2002 നവംബർ മുതൽ പ്രസ്സ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക കുടിശ്ശിക അനുവദിച്ച് കിട്ടാനും കെട്ടിടം ഒഴിപ്പിക്കാനും ഗ്രാമപഞ്ചായത്തിനെ മൂന്നാം പ്രതിയാക്കി കെട്ടിട ഉടമ കോടതിയിൽ നൽകിയ കേസ് നടപടിയിൽ നിന്നും ഗ്രാമ പഞ്ചായത്തിനെ ഒഴിവാക്കിയതായി 23.02.16 ലെ ഭരണ സമിതി തീരുമാനത്തിൽ വ്യക്തമാകുന്നുണ്ട്. എന്നാൽ പ്രവർത്തനം നിശ്ചലമായ സൊസൈറ്റിയിൽ നിന്നും പ്രിന്റിംഗ് പ്രസ്സും അനുബന്ധ യന്ത്രസാമഗ്രികളും വീണ്ടെടുക്കുന്നതിന് ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ ഭരണ സമിതിയുടെ 14.07.15 (12) ലെ യോഗത്തിലുള്ള തീരുമാനം നടപ്പിലാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് ഭരണ സമിതി യോഗ തീരുമാനം നടപ്പിലാക്കിയതിന്റെ വിവരവും വീഴ്ച്ച വന്ന സാഹചര്യവും ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ വ്യക്തമാക്കേണ്ടതാണ്.

## 3-7 പൊതുമരാമത്ത് പ്രവൃത്തികൾ- പൊതു അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2015-16ലെ മൊത്തം വാർഷിക പദ്ധതി ചെലവിന്റെ 48% പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിനാണ് വിനിയോഗിച്ചത്. വാർഷിക പദ്ധതിയിൽ സ്പിൽ ഓവറായും പുതിയതായും ഉൾപ്പെടുത്തിയ 64 പ്രോജക്ടുകളിൽ 59 എണ്ണം തൻവർഷത്തിൽ നടപ്പിലാക്കി. വാർഷിക പദ്ധതി തുകയുടെ 48% ഫണ്ട് വിനിയോഗിച്ച മരാമത്ത് പ്രവൃത്തികളിൽ ബന്ധപ്പെട്ട പ്രോജക്ട് രൂപീകരണത്തിൽ വ്യവസ്ഥാപിത സമിതികളായ വർക്കിംഗ് ഗ്രൂപ്പ് ഉൾപ്പെടെയുള്ളവയുടെ പ്രവർത്തനം തൃപ്തികരമല്ലെങ്കിലും എസ്റ്റിമേറ്റ് തയ്യാറാക്കൽ, നിർവ്വഹണ, സാങ്കേതിക മേൽനോട്ടപ്രവർത്തങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന് നിലവിലെ നിർദ്ദേശങ്ങൾ പാലിക്കാനാവുന്നുണ്ട്. മരാമത്ത് പ്രവൃത്തികളുടെ രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് ഘട്ടങ്ങളിൽ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ,സാങ്കേതിക നിർദ്ദേശങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട താഴെ കാണിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതാണ്.

1.റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാത്തത്

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലും നടപ്പിലാക്കാനായില്ല. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്റ്റിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 സർക്കുലറിലെ നിർദ്ദേശം പാലിക്കേണ്ടതാണ്.

2.റോഡ് കോൺക്രീറ്റിംഗ് - ചീഫ് എഞ്ചിനീയറുടെ നിർദ്ദേശങ്ങൾ പാലിക്കണം

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്.

റോഡിന്റെ നിർമ്മാണ ചെലവ്, റോഡിന്റെ പ്രധാന്യം എന്നിവ പരിഗണിച്ച് സിമന്റ് കോൺക്രീറ്റ് 1:4:8, 10 cm, സിമന്റ് കോൺക്രീറ്റ് 1:2:4,5cm എന്ന രീതിയിലും വാഹന ഗതാഗതം ഉള്ള പാതകൾക്ക് വാഹന ബാഹുല്യം,സബ് ഗ്രേഡിന്റെ ഉറപ്പ് എന്നിവ പരിഗണിച്ച് സിമന്റ് കോൺക്രീറ്റ് 1:4:8, 10 മുതൽ 15 cm വരെയും 1:2:4, 5 മുതൽ 7.5 വരെയും നൽകാനാണ് ചീഫ് എഞ്ചിനീയറുടെ 28.09.2015 ലെ ഡി ബി 4-9099/2015 നമ്പർ കത്തിൽ ( കോഴിക്കോട് കോർപ്പറേഷന് അയച്ചത്) നിർദ്ദേശിച്ചത്. ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ സിമന്റ് കോൺക്രീറ്റ് 1:2:4, 10 cm നൽകുന്നുണ്ട്.

ഉദാഹരണമായി,

1.പ്രോജക്ട് 60/16:കരുവാരത്തൊടി മേലെക്കൊണ്ടച്ചാത്ത് പറമ്പ് റോഡ് കോൺക്രീറ്റ്

അടങ്കൽ 3 ലക്ഷം

2. പ്രോജക്ട് 12/16:ഏലംകുളംതാഴം റോഡ് കോൺക്രീറ്റിംഗ്,അടങ്കൽ 2ലക്ഷം

3.പ്രോജക്ട് 64/16: പാണ്ടത്തൊട്ട മച്ചിങ്ങത്താഴം റോഡ് കോൺക്രീറ്റിംഗ്, അടങ്കൽ 3ലക്ഷം

4.പ്രോജക്ട് 08/16: വട്ടപ്പറമ്പ് കാരംകുണ്ട്താഴം റോഡ് കോൺക്രീറ്റിംഗ്, അടങ്കൽ 2.74ലക്ഷം

3. പ്രവൃത്തികളുടെ നിർവ്വഹണത്തിൽ പാലിക്കേണ്ടകാര്യങ്ങൾ.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ സമയത്ത് സൈറ്റിൽ ഡിസ് പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം നടപ്പിലാക്കിയത് സംബന്ധിച്ച് രേഖയില്ല. കോൺട്രാക്ടറുടെ / കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ് പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണമാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്.

പ്രവൃത്തികളിൽ നിന്നും ഈടാക്കി കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കുന്ന തുകയുടെ കൈപ്പറ്റ് യഥാസമയം ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. നിലവിൽ മുൻവർഷങ്ങളിൽ അടവാക്കിയ തുകളുടെ കൈപ്പറ്റുകളാണ് ലഭ്യമാക്കുന്നതെന്ന് കാണുന്നു.

4.ടെൻഡർ നടപടികൾ സ്വീകരിച്ചത് സാമ്പത്തികനേട്ടമുണ്ടാക്കി

പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം പൂർണ്ണമായും കരാറുകാർ വഴി നടപ്പിലാക്കാനായത് ശ്രദ്ധേയമായ കാര്യമാണ്. കരാർ വെച്ച മുഴുവൻ പ്രവൃത്തികളും നിശ്ചിത സമയപരിധി പാലിച്ച് നടപ്പിലാക്കാനായിട്ടുണ്ട്. 5 ലക്ഷത്തിനും മുകളിലും അടങ്കൽ വരുന്നവ ഈ-ടെൻഡർ വഴി നടപ്പിലാക്കാനുള്ള നിർദ്ദേശം നടപ്പിലാക്കാനായി. ഓഡിറ്റ് വർഷത്തിൽ ഈ-ടെൻഡർ വഴി നിർവ്വഹണം നടത്തിയ 6 പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

1.പ്രോജക്ട് നമ്പർ 007/16 : അടങ്കൽ : 5 ലക്ഷം - 25% ടെൻഡർ കുറവ്

2. പ്രോജക്ട് നമ്പർ 001/16: അടങ്കൽ : 7 ലക്ഷം - 25% ടെൻഡർ കുറവ്

3. പ്രോജക്ട് നമ്പർ 018/16:അടങ്കൽ : 5 ലക്ഷം - 25% ടെൻഡർ കുറവ്

4.പ്രോജക്ട് നമ്പർ 055/16:അടങ്കൽ : 5 ലക്ഷം - 25% ടെൻഡർ കുറവ്

5.പ്രോജക്ട് നമ്പർ 058/16:അടങ്കൽ : 6 ലക്ഷം - 25% ടെൻഡർ കുറവ്

6.പ്രോജക്റ്റ് നമ്പർ 142/16:അടങ്കൽ : 6 ലക്ഷം - 17.5% ടെൻഡർ കുറവ്

ടെൻഡർ നടപടികളിലൂടെ മരമാത്ത് പ്രവൃത്തികൾ നടപ്പിലാക്കിയതിലൂടെ ഗ്രാമപഞ്ചായത്തിന് സാമ്പത്തികമായി നേട്ടമുണ്ടാക്കാനായതിനോടൊപ്പം നിർവ്വഹണ നടപടികളിൽ സുതാര്യത കൈവരിക്കാനുമായി. മുകളിൽ കാണിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി മരാമത്ത് പ്രവൃത്തികളുടെ രൂപീകരണം മുതൽ നിർവ്വഹണം വരെയുള്ള പ്രവർത്തനങ്ങളിൽ പങ്കാളിത്തവും കാര്യക്ഷമതയും സാമ്പത്തിക ഭദ്രതയും കൈവരിക്കാൻ തുടർനടപടിയുണ്ടാവേണ്ടതാണ്.

## 3-8 ഭവന നിർമ്മാണം നാളിതുവരെയും പൂർത്തീകരിച്ചില്ല

2015-16 വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ഭവന നിർമ്മാണ പ്രോജക്ടുകളിൽ ഏതാനും ഗഡു ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെയും ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | നൽകാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | ശാന്ത അറുമുഖൻ | 180000 | 20000 |
| 2 | ശ്രീനിവാസൻ കാരപറമ്പത്ത് | 80000 | 120000 |
| 3 | റഷീദ പൂഴിക്കൽ | 140000 | 60000 |
| 4 | ബുഷ്റ പത്തായപുരക്കൽ | 80000 | 120000 |
| 5 | ശാരദ ചോലക്കൽ | 140000 | 60000 |

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണെന്ന കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2016-17 വർഷത്തിൽ വീടുകളുടെ പണികൾ നടന്നു വരികയാണെന്ന മറുപടിയാണ് നൽകിയത്. മേൽ വീടുകളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് | ആശ്രയ പദ്ധതി (മുൻ വർഷങ്ങളിൽ ലഭ്യമായത്) | ലഭ്യമല്ല | 300000 | 150000 | 150000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവവിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് സി ബി, വെന്നിയൂർ | 50/2016 തറി അമ്പലത്താഴം റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | വൗച്ചർ നമ്പർ 21500606/ 20.01.16 | 185000 | Nil | 185000 |
| കെ എസ് സി ബി, വെന്നിയൂർ | 49/2016 3ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിച്ച് കൺട്രോൾ സിസ്റ്റം സ്ഥാപിക്കൽ | വൗച്ചർ നമ്പർ 21500606/ 20.01.16 | 185000 | Nil | 185000 |
| കെ എസ് സി ബി, വെന്നിയൂർ | 50/2016 തറി അമ്പലത്താഴം റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | വൗച്ചർ നമ്പർ 21500611/ 20.01.16 | 122850 | Nil | 122850 |
| കെ എസ് സി ബി, വെന്നിയൂർ | 157/2016 തെരുവ് വിളക്കുകൾക്ക് മീറ്റർ | വൗച്ചർ നമ്പർ | 46550 | Nil | 46550 |

| | | | | | |
|---|---|---|---|---|---|
| | സ്ഥാപിക്കൽ അനുബന്ധ ചിലവുകൾ | 21500739/ 24.02.16 | | | |
| കെ എസ് സി ബി, വെന്നിയൂർ | 159/2016 അംഗൻവാടി വൈദ്യുതീകരണം | വൗച്ചർ നമ്പർ 21500740/ 24.02.16 | 24850 | 24850 | 0 |
| കെ എസ് സി ബി, വെന്നിയൂർ | 7,8 വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് സൂപ്പർ വിഷൻ ചാർജ്ജ് അടവാക്കൽ | വൗച്ചർ നമ്പർ 21500899/ 31.03.16 | 5550 | 5550 | 0 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി ഡബ്ല്യു ഡി ഇലക്ട്രോണിക്സ് പാലക്കാട് | 50/2016 തറി അമ്പലത്താഴം റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | വൗച്ചർ നമ്പർ 21500846/ 22.03.16 | 125000 | Nil | 125000 |
| ക്രൂസ്, കാസർക്കോട് | 91/2016പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സൗരോർജ്ജ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ | വൗച്ചർ നമ്പർ 21500843/ 22.03.16 | 483360 | 483260 | 0 |
| ക്രൂസ്, കാസർക്കോട് | 7,8 വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ | വൗച്ചർ നമ്പർ 21500906/ 31.03.16 | 188256 | 188256 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 500 |
| തൻവർഷം നിക്ഷേപിച്ച തുക | 1300000 |
| ആകെ | 1300500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1300500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കോ- ഓപ്. സ്പിന്നിംഗ് മിൽ | 500 |
| തിരൂരങ്ങാടി സർവ്വീസ് സഹകരണ ബാങ്ക് | 1300000 |
| ആകെ | 1300500 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച 1505/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 3(2) | 1186 | ശ്രീ പി മുത്ത് കോൺട്രാക്ടർ | 11510101307/23.07.15 |
| 2012-13 | 3(2) | 221 | ശ്രീ പി സാജിദ് കോൺട്രാക്ടർ | 11510100873/11.06.15 |
| 2012-13 | 3(2) | 98 | ശ്രീ പി സാജിദ് കോൺട്രാക്ടർ | 11510100874/11.06.15 |
| | | 1505 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3(2) | 2004-05 | പൊതുപരാമർശം 10-1-3 | ശുദ്ധജലപദ്ധതി അപാകതകൾ | നടപടികൾ തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 38688309 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 51201774 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1239 |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | Nil |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 977050 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2.1 | 989 | | ശ്രീ പീതാംബരൻ, സെക്രട്ടറി |
| 2-3-1 | 250 | | ശ്രീ പീതാംബരൻ, സെക്രട്ടറി |
| ആകെ | 1239 | 0 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.1 | 231550 | ശ്രീ പീതാംബരൻ, സെക്രട്ടറി |
| 3.3 | 745500 | 526000/- ശ്രീമതി ദിവ്യ കെ, കൃഷി ഓഫീസർ |
| | | 219500/-ശ്രീ പീതാംബരൻ, സെക്രട്ടറി |
| | 977050 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ പീതാംബരൻ, സെക്രട്ടറി | സെക്രട്ടറി, നന്നമ്പ്ര ഗ്രാമപഞ്ചായത്ത് | കാർത്തിക, അത്താണിക്കൽ, വള്ളിക്കുന്ന്.പി.ഒ., മലപ്പുറം-673314 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2005-06 | എൽ എഫ് എം.17/272/09 തിയ്യതി 13.07.09 | 6 | |
| 2006-07 | എൽ എഫ് എം.17/68/10 തിയ്യതി 11.12.11 | 10 | |

| | | | |
|---|---|---|---|
| 2007-08 | എൽ എഫ് എം.15/351/12 തിയ്യതി 22.05.12 | 22 | |
| 2008-09 | എൽ എഫ് എം.15/1400/11 തിയ്യതി 19.11.11 | 16 | |
| 2009-10 | എൽ എഫ് എം.15/1400/11 തിയ്യതി 19.11.11 | 15 | |
| 2010-11 | എൽ എഫ് എം.15/2065/13 തിയ്യതി 11.11.13 | 8 | |
| 2011-12, | എൽ എഫ് എം.15/3566/14 തിയ്യതി 06.02.15 | 11 | |
| 2012-13 | എൽ എഫ് എം.15/1399/15 തിയ്യതി 21.07.15 | 12 | |
| 2013-14,14-15 | കെ എസ് എ എം പി എം 15/2110/16 തിയ്യതി 09.08.16 | 18 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ്

# Annexure 1-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം.15/1/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം

തീയതി.03-02-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്
വകുപ്പ്

മലപ്പുറം

# Annexure 1-2

# AUDIT CERTIFICATE

No. KSA/MPM15/1/2017

Kerala State Audit Department

District Audit Office

Malappuram

Dated:03-02-2017

Certified that I have Audited the Annual Financial Statement of Nznnambra Grama Panchayat in Malappuram District for the year Ended on 31.03.16 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Nannambra Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT